# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ് 2785501
E-mail: info@pravasikerala.org     www.pravasikerala.org

KNRKWB


---

## ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നടപടിക്രമം

## (ഹാജർ: ശ്രീമതി. ഗീതാലക്ഷ്മി .എം .ബി)

ഉത്തരവ് നമ്പർ: KNRKWB/623/2024-s7          തീയതി:**07-08-2024**

വിഷയം : കേരള പ്രവാസി ക്ഷേമ ബോർഡ് – [redacted] - കുടുംബ പെൻഷനുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെയും, 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരവും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവുമാണ് കേരള പ്രവാസി ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നത്.

(2) പ്രവാസി ക്ഷേമ പദ്ധതിയിൽ അംഗമാകുന്ന ഓരോ പ്രവാസി കേരളീയനും, ടിയാന്റെ കാലശേഷം അർഹതപ്പെട്ട കുടുംബാംഗത്തിനും, ആജീവനാന്തം പ്രതിമാസ പെൻഷൻ നൽകിവരുന്ന ഈ പദ്ധതിയുടെ ഭാഗമായി, മരണമടയുന്ന അംഗത്തിന്റെ നോമിനി ആയ കുടുംബാംഗത്തിനു, അംഗത്തിന് ലഭ്യമായ പെൻഷൻ തുകയുടെ 50% തുക കുടുംബ പെൻഷനായി ലഭിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കുടുംബ പെൻഷൻ അപേക്ഷയുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങൾ അംഗങ്ങൾക്കിടയിൽ/കുടുംബാംഗങ്ങൾക്കിടയിൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ക്ഷേമനിധി അംഗങ്ങളുടെയും, ഇത്തരം അപേക്ഷകൾ ഓൺലൈൻ ആയി അപ്‌ലോഡ് ചെയ്യുവാൻ സഹായിക്കുന്ന ഓൺലൈൻ സർവ്വീസ് സെൻററുകളുടെയും ശ്രദ്ധയ്ക്കായി പെൻഷൻ സംബന്ധമായ നടപടി ക്രമങ്ങൾ/ രേഖകൾ അപ്ലോഡ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.



File No. KNRKWB/623/2024-S7 (Computer No. 42255)
Generated from eOffice by Rani V, S7 KNRKWB, S7 KNRKWB, KERALA NON-RESIDENT KERALITES WELFARE BOARD on 07/08/2024 02:48 PM

Scanned with OKEN Scanner

1. കുടുംബ പെൻഷന് അപേക്ഷ സമർപ്പിക്കുന്നതിനായി അർഹത ഉള്ള വിഭാഗങ്ങൾ ചുവടെ ചേർത്തിട്ടുള്ളവയാണ്.

- അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും, അംഗത്വം റദ്ദ് ആകാതെ മരണ സമയത്തു നിലനിന്ന് വന്നിട്ടുള്ളതുമായ അംഗത്തിന്റെ നിയമാനുസൃത നോമിനി.
- നിലവിൽ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന അംഗത്തിന്റെ മരണശേഷം ടിയാന്റെ നോമിനി
- പെന്ഷന് അർഹതനേടിയ ശേഷം പെൻഷന് അപേക്ഷിക്കാത്തവർ മരണപ്പെട്ടാൽ അവരുടെ നിയമാനുസൃത നോമിനി.

കുറിപ്പ്:- ഒന്നിലധികം കുടുംബാംഗങ്ങളെ നോമിനിയായി ചേർത്തിട്ടുള്ള സന്ദർഭത്തിൽ ടി കുടുംബാംഗങ്ങളിൽ നിന്നും താഴെപ്പറയുന്ന മുൻഗണനാക്രമത്തിൽ ഒരു അംഗത്തിന്/ വിഭാഗത്തിനുമാത്രമേ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

i. ഭർത്താവ്/ഭാര്യ (കുറിപ്പ്: ഭാര്യയുടെയോ/ഭർത്താവിൻറെയോ കുടുംബ പെൻഷനുള്ള അർഹത പുനർവിവാഹത്തോടെ അവസാനിക്കുന്നതാണ് )

ii. 21 വയസ്സ് പൂർത്തിയാകാത്ത മക്കൾ.

iii. മാനസിക വൈകല്യം ഉള്ള മക്കള്

iv. പ്രായപൂര്ത്തിയായ അവിവാഹിതരായ പെൺമക്കൾ

v. അംഗത്തെ പൂര്ണ്ണമായി ആശ്രയിച്ചിരുന്ന അമ്മ/അച്ഛൻ

**2.കുടുംബ പെൻഷൻ അനുവദിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ**

- നിലവിൽ പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കെ അംഗം മരണപ്പെട്ടാൽ ടിയാന്റെ നിയമാനുസൃത നോമിനി പ്രസ്തുത വിവരം യഥാസമയം ബോർഡിനെ അറിയിക്കേണ്ടതാണ്.
- തുടർന്ന് നിയമാനുസൃത നോമിനി ഓൺലൈൻ ആയി കുടുംബ പെൻഷനുവേണ്ടി അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
- മരണവിവരം യഥാസമയം അറിയിക്കാത്തതിനെ തുടർന്ന് മരണശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്ന സാഹചര്യത്തിൽ ഇപ്രകാരം ലഭിച്ച തുക ബോർഡിലേയ്ക്ക് തിരിച്ചുപിടിക്കുന്നതിന് നോമിനി അപേക്ഷ നൽകേണ്ടതാണ്.



File No. KNRKWB/623/2024-S7 (Computer No. 42255)
Generated from eOffice by Rani Y, S7 KNRKWB, S7 KNRKWB, KERALA NON-RESIDENT KERALITES WELFARE BOARD on 07/08/2024 02:48 PM

Scanned with OKEN Scanner

- അപ്രകാരം സാധിക്കാത്ത സാഹചര്യം ഉണ്ടാകുകയാണെങ്കിൽ കുടുംബ പെൻഷനർക്ക് അനുവദിച്ച കുടുംബ പെൻഷൻ തുകയിൽ നിന്ന് മേൽ പറഞ്ഞ അധിക തുക റിക്കവറി ചെയ്ത ശേഷം വരുന്ന കാലയളവിൽ മാത്രമേ കുടുംബ പെൻഷൻ അനുവദിച്ചു നല്കുകയുള്ളു.

3. കുടുംബ പെൻഷൻ വേണ്ടി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ട വിധം.

| |
|---|
| www.pravasikerala.org ⇒ Services ⇒ Death Assistance/ Family Pension എന്നിവയിലൂടെ കടന്ന് പോകുക |

- ഇപ്രകാരം ലോഗിന് ചെയ്തശേഷം ലഭിക്കുന്ന അപേക്ഷാ ഫോറത്തിൽ വിവരങ്ങൾ രേഖപെടുത്തിയ ശേഷം, ആവശ്യമായ രേഖകൾ UP-LOAD ചെയ്യുക
- കുടുംബ പെൻഷനുള്ള അപേക്ഷ സമർപ്പിച്ചതിനുശേഷം അപേക്ഷയുടെ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

4. **കുടുംബ പെന്ഷനുള്ള അപേക്ഷയോടൊപ്പം സമര്പ്പിക്കേണ്ട രേഖകൾ**

- അപേക്ഷകന്റെ/കയുടെ ആറു മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ
- അപേക്ഷകന്റെ/ഒപ്പ്
- അപേക്ഷകന്റെ/കയുടെ ആധാർ രേഖ
- മരണ സർട്ടിഫിക്കറ്റിന്റെ/ കോപ്പി
- ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ടിന്റെ/പ്രിന്റ് ചെയ്ത പാസ്സ്ബുക്കിന്റെ/ പകർപ്പ്( NRI അക്കൗണ്ട് സ്വീകാര്യമല്ല)
- അപേക്ഷകൻറെ ബാങ്ക് അക്കൗണ്ട് രേഖയിലെ പേരും അപേക്ഷയിലെ പേരും വ്യത്യാസമുണ്ടെങ്കിൽ One and the Same certificate കൂടി UP-LOAD ചെയ്യേണ്ടതാണ്.
- പ്രവാസി ക്ഷേമനിധി അംഗവുമായുള്ള ബന്ധം തെളിയിക്കുന്ന രേഖ (Relationship Certificate/Legal heir ship Certificate)
- അപേക്ഷകന്റെ/ നോമിനിയുടെ ഒപ്പോടുകൂടിയ സമ്മതപത്രം



File No. KNRKWB/623/2024-S7 (Computer No. 42255)
Generated from eOffice by Rani V, S7 KNRKWB, S7 KNRKWB, KERALA NON-RESIDENT KERALITES WELFARE BOARD on 07/08/2024 02:48 PM

Scanned with OKEN Scanner

5. പൊതു നിർദ്ദേശങ്ങൾ

- ദേശീയ സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതി വഴിയോ, മറ്റേതെങ്കിലും വെൽഫെയർ സ്കീമുകൾ വഴിയോ പ്രതിമാസ പെൻഷൻ കൈപ്പറ്റുന്നവർക്ക് പ്രവാസി ക്ഷേമ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ല.
- സമർപ്പിക്കുന്ന വിവരങ്ങൾ/ രേഖകൾ തെറ്റാണെന്ന് കണ്ടെത്തുന്ന പക്ഷം കേരള പ്രവാസി ക്ഷേമ ബോർഡിൽ നിന്നും കൈപ്പറ്റിയ എല്ലാ ആനുകൂല്യങ്ങളും തിരിച്ചടയ്ക്കുന്നതിനും ബോർഡ് നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിയമ നടപടികൾക്ക് വിധേയരാകുന്നതിനും ക്ഷേമ നിധി അംഗങ്ങൾ/നിയമാനുസൃത നോമിനികൾ പ്രതിജ്ഞാബദ്ധരായിരിക്കും.

Signed by
Geetha Lekshmi M B
Date: 07-08-2024 14:19:13

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

1. എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
2. ഐറ്റി മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനി)
3. ജില്ലാ ഓഫീസുകൾ, അക്ഷയ കേന്ദ്രം
4. സേവാ കേന്ദ്രങ്ങൾ, ജി.എം.ഇ, സൊസൈറ്റികൾ,ഏജൻസികൾ
5. മാനേജർ (ഫിനാൻസ്)
6. CA To CEO
7. അക്കൗണ്ട്സ് സെക്ഷൻ
8. ഓഫീസ് കോപ്പി



File No. KNR/KWB/623/2024-S7 (Computer No. 42255)
Generated from eOffice by Rani Y, S7 KNRKWB, S7 KNRKWB, KERALA NON-RESIDENT KERALITES WELFARE BOARD on 07/08/2024 02:48 PM

Scanned with OKEN Scanner